# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. :1604** **07/03/2018 ൽ മറുപടിയ്ക്ക്**

## ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായത്തിന് കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചു വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യവകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേക്കും, ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

Smitha A.S.

സെക്ഷൻ ഓഫീസർ